# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 217

08-02-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നിർമ്മാണം പൂർത്തിയാകുമ്പോൾ പദ്ധതിയും കരാറും പ്രകാരം സംസ്ഥാന ഖജനാവിൽ നിന്നും ചെലവാകുന്നതായി കണക്കാക്കപ്പെട്ട തുക എത്രയാണ് ; പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് വഴി ലഭിക്കുന്ന സഹായം എത്രയായിരിക്കും ;<br><br>(ബി) പദ്ധതിക്കാവശ്യമായ ഭൂമി, ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, കമ്പനി ചെലവ് തുടങ്ങി പദ്ധതി നിർമ്മാണം പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന മൊത്തം ചെലവ് തുകയും അതിന്റെ ഇരുപത് വർഷം വരെയുള്ള ശരാശരി പലിശ ചെലവും മൊത്തം എത്ര കോടി രൂപയായിരിക്കും എന്ന് | (എ) യും (ബി) യും കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്‌വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്.<br><br>പി.പി.പി ഘടകത്തിൽ വി.ജി.എഫ് സ്കീം അനുസരിച്ച് സ്വകാര്യ പങ്കാളിക്ക് 40% വരെ സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" – ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിയ്ക്കു നൽകേണ്ടതാണ്.<br><br>കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നല്കും (പി.പി.പി ഘടകത്തിന്റെ 20%). |

പരിശോധിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ ;

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നല്കും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9). സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നല്കും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി നിലവിൽ കണക്കാക്കിയതനുസരിച്ച് 1973 കോടി രൂപ ചെലവ് വഹിയ്ക്കും.

സ്വകാര്യ പങ്കാളി നിർമ്മാണ കാലയളവിൽ 2862.3 കോടി രൂപ അതായത് ഏതാണ്ട് 51% തുക പദ്ധതിയുടെ തുടക്കത്തിൽ മുടക്കേണ്ടി വരും. ഇതിൽ കൺസഷനയർ ബാങ്കുമായി ഉണ്ടാക്കുന്ന വായ്പാ കരാറിൽ (Financing Agreement) നിഷ്കർഷിക്കുന്ന വായ്പാ ഓഹരി അനുപാതത്തിന് (Debt Equity) അനുസൃതമായ തുക സ്വന്തം നിലയിൽ (Equity) മുതൽ മുടക്കും ബാക്കി തുക വായ്പാ കരാറിന് അനുസൃതമായി ബാങ്ക് കൺസഷനയർക്ക് വായ്പയായി നൽകും (Debt).

വിഴിഞ്ഞം തുറമുഖ പദ്ധതി പോലുള്ള ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പലിശ കണക്കുകളിലൂടെയല്ല സർക്കാർ വിലയിരുത്തുന്നത്. അതിനാൽ പലിശ എത്ര കോടി രൂപ ആയിരിയ്ക്കുമെന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല.

| | |
|---|---|
| (സി) പദ്ധതി നിർമ്മാണം പൂർത്തിയാകുമ്പോൾ കരാറുകാരനായ അദാനി ചെലവഴിക്കേണ്ടുന്ന മൊത്തം തുക കരാറനുസരിച്ച് എത്ര കോടിയാണ് ; | (സി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുളള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്‌വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. സ്വകാര്യ പങ്കാളി നിർമ്മാണ കാലയളവിൽ 2862.3 കോടി രൂപ (അതായത് ഏതാണ്ട് നിർമ്മാണപ്രവർത്തനങ്ങളുടെ 51% തുക) പദ്ധതിയുടെ തുടക്കത്തിൽ മുടക്കേണ്ടി വരും. ഇതിൽ കൺസഷനയർ ബാങ്കുമായി ഉണ്ടാക്കുന്ന വായ്പാ കരാറിൽ (Financing Agreement) നിഷ്കർഷിക്കുന്ന വായ്പാ ഓഹരി അനുപാതത്തിന് (Debt Equity) അനുസൃതമായ തുക സ്വന്തം നിലയിൽ (Equity) മുതൽമുടക്കും ബാക്കി തുക വായ്പാ കരാറിന് അനുസൃതമായി ബാങ്ക് കൺസഷനയർക്ക് വായ്പയായി നൽകും (Debt). |
| (ഡി) ഇരുപതാം വർഷം സംസ്ഥാനത്തിന് പദ്ധതിയിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം കിട്ടും ; വിശദമാക്കാമോ ? | (ഡി) കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖം പ്രവർത്തനം തുടങ്ങി 15 ാം വർഷം പൂർത്തിയാകുമ്പോൾ (ഇരുപതാം വർഷത്തെ) ആ വർഷത്തെ വരുമാനത്തിന്റെ 1% സംസ്ഥാന സർക്കാരിന് കൈമാറണമെന്നും തുടർന്ന് ഓരോ വർഷവും 1% വീതം കൂട്ടി പരമാവധി 40% വരെ വരുമാന വിഹിതം ലഭ്യമാകുന്ന തരത്തിലാണ് റവന്യൂ ഷെയറിംഗ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനു പുറമേ നടത്തിപ്പുകാരൻ സ്വന്തം ചെലവിൽ ചെയ്യുന്ന തുറമുഖേതര വാണിജ്യ |

പ്രവർത്തനങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ 10% സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനം തുടങ്ങി 7-ാം വർഷം പൂർത്തീകരിയ്ക്കുന്നതു മുതൽ നല്കുവാനും വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ